"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. ഐ. അലി- യ്ക്ക് എതിരായ അച്ചടക്ക നടപടി - അപ്പീൽ അപേക്ഷ നിരിസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.870/2026/LSGD തീയതി,തിരുവനന്തപുരം, 08-04-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 2229/2024/LSGD തീയതി 16/11/2024.
2. ശ്രീ. ഐ. അലി 22/02/2025 ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11/12/2025 തീയതിയിലെ LSGD/PD/10887/2023-VIGD1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി 1 വില്ലേജിലെ ബ്ലോക്ക് നമ്പർ 45, സർവ്വേ നമ്പർ 155/1,3,5,6 ൽ വയൽ നികത്തി വാണിജ്യാവശ്യങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിച്ചുവെന്ന ആരോപണത്തിന്മേൽ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. ഐ. അലിക്കെതിരെ KSR Part III ചട്ടം 59(ബി) പ്രകാരം ആരംഭിച്ച അച്ചടക്കനടപടിയിൽ ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 800 രൂപ വീതം ആജീവനാന്തം കുറവുചെയ്യാനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്കനടപടി തീർപ്പാക്കി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിനെതിരെ ടിയാൻ പരാമർശം (2) പ്രകാരം അപ്പീൽ സമർപ്പിക്കുകയുണ്ടായി.

2. പ്രസ്തുത അപ്പീലിന്മേൽ അന്വേഷണം നടത്തി പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം(3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ചുവടെ പറയും പ്രകാരം അറിയിക്കുകയുണ്ടായി.

*വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ 31/05/2011 തീയതിക്ക് അന്തിമമായി പ്രസിദ്ധികരിച്ച A4-3117/09 നമ്പർ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതും, എം.എം.നാസർ @ അബ്ദുൾ നാസർ S/o മുഹമ്മദ് ഹാജി, ഹാജിയാർ റൈസ് മിൽ ആമക്കുളം, വടക്കഞ്ചേരി എന്നവരുടെ ഉടമസ്ഥതയിലുള്ളതുമായ വടക്കഞ്ചേരി 1 വില്ലേജിലെ ബ്ലോക്ക് 45 റീസർവ്വേ നമ്പർ 155/1,5,6 എന്നിവയിൽ ഉൾപ്പെട്ട ഭൂമിയിലും പുരയിടം*

*വിഭാഗത്തിൽ ഉൾപ്പെട്ട റീ സർവ്വേ നമ്പർ* ***155/3*** *എന്ന ഭൂമിയിലും താഴത്തെ നിലയിൽ* ***688.49*** *ചതുരശ്ര മീറ്ററും, ഒന്നാം നിലയിൽ* ***797.82*** *ചതുരശ്ര മീറ്ററും ടെറസ് ഫ്ലോർ* ***60.34*** *ചതുരശ്ര മീറ്ററും ഉൾപ്പെടെ* ***1496.65*** *ചതുരശ്ര മീറ്റർ വിസ്തൃതിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ഐ. അലി* ***26/09/2013*** *തീയതിയിൽ എ4-****2200/13*** *നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ഡാറ്റാ ബാങ്കിലെ വടക്കഞ്ചേരി* ***1*** *വില്ലേജിലെ ബ്ലോക്ക്* ***45*** *റീസർവ്വേ നമ്പർ* ***155/1,5,6*** *എന്നിവയുടെ റിമാർക്സ് കോളത്തിൽ* **Fallow Land** *എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി വിഷയവുമായി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള വടക്കഞ്ചേരി* ***1*** *വില്ലേജിലെ* ***15/02/2013*** *ലെ* ***1257171*** *നമ്പർ പൊസഷൻ സർട്ടിഫിക്കറ്റിൻമേൽ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട സ്ഥലങ്ങളുടെ തരം 'നിലം' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ബി.ടി.ആർ- ൽ ഭൂമിയുടെ തരം രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരമാണ് റവന്യു അധികാരികൾ പൊസഷൻ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം രേഖപ്പെടുത്തുന്നത് എന്നതിനാൽ ഭൂമിയുടെ തരം പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ളതാണ് ആധികാരികമായി കാണക്കാക്കുന്നത്.*

*വാസഗൃഹങ്ങൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ്/കെട്ടിട നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിന്റെ* ***22/01/2011*** *ലെ* ***4545/RA1/11****/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം റവന്യു, കൃഷി എന്നീ വകുപ്പുകളുടെ പ്രതിനിധികൾ കൂടി ഉൾപ്പെട്ട കമ്മിറ്റി പ്രതിമാസം യോഗം കൂടേണ്ടതും സ്ഥല സന്ദർശനം നടത്തി ഫോട്ടോ എടുത്ത് മഹസർ രേഖപ്പെടുത്തി, കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിമാർ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ടി അച്ചടക്കനടപടിയുമായി ബന്ധപ്പെട്ട വിഷയം* ***1496.65*** *ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കെട്ടിട നിർമ്മാണാനുമതി നൽകിയതുമായി ബന്ധപ്പെട്ടതിനായതിനാലും, എം.എം.നാസർ @ അബ്ദുൾ നാസർ എന്നവരുടെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ ടി സർക്കുലറിൽ പ്രതിപാദിക്കുന്ന കമ്മിറ്റി മുമ്പാകെ സമർപ്പിക്കാതെ തന്നെ അപേക്ഷ ലഭിച്ച ദിവസമായ* ***13/03/2013*** *തീയതിയിൽ* **Exempted from Data Bank, Issue Receipt** *എന്നും* ***18/03/2013*** *തീയതിയിൽ* **Overseer Please Verify & put up** *എന്നും സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്.*

*ടി കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിൽ ഓവർസിയർ സമർപ്പിച്ച റിപ്പോർട്ടിൽ തരം നിലമാണെന്നും എന്നാൽ സെക്രട്ടറി ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്ലാൻ പ്രകാരമുള്ള അളവുകളിൽ തെക്ക് വശത്തെ അളവുകൾ* ***1.5*** *മീറ്റർ ആവശ്യമാണെന്ന് അപേക്ഷകനോട് നിർദ്ദേശിക്കേണ്ടതും മറ്റ് അളവുകളെല്ലാം ശരിയാണെന്നും അപേക്ഷ അംഗീകരിക്കാവുന്നതാണെന്നും ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. സെക്രട്ടറിയായിരുന്ന ശ്രീ.ഐ.അലി ടി കെട്ടിട നിർമ്മാണ*

പെർമിറ്റ് ഫയലിൽ **Exempted from Data Bank** എന്നെഴുതിയതുകൊണ്ട് മാത്രമാണ് ഓവർസിയർ ടി ഫയലിൽ അംഗീകരിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് കാണുന്നു.

വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി (റിട്ട.) ശ്രീ. ഐ. അലി ക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കിയ പരാമർശം (1) ഉത്തരവ് പുനപരിശോധിക്കുന്നതിനു വേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററിൽ നിന്നും അനുവദിച്ചിട്ടുള്ള റിപ്പോർട്ട് 21/12/2019 ൽ അനുവദിച്ചു നൽകിയതാണ്. ആയതിനാൽ തന്നെ ടി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്ന സമയത്ത് ആയത് യാതൊരുവിധ അടിസ്ഥാന രേഖയും ഇല്ലാതെയാണ് മേൽ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട സ്ഥലം തരിശ് ഭൂമി എന്ന നിഗമനത്തിൽ സെക്രട്ടറിയായ ശ്രീ. ഐ. അലി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്ന് കാണുന്നു.

ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ളത് വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ഐ. അലി യുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയാണ്. തെറ്റായി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയാണെങ്കിൽ ആയത് ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിന് ഭൂഉടമയിൽ നിന്നും അപേക്ഷ വാങ്ങി പ്രാദേശികതല നിരീക്ഷണ സമിതിയിൽ വെച്ച് ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. ഇത്തരത്തിൽ ടി സർവ്വേ നമ്പരുകൾ ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിയിരുന്നാലും നിലം വിഭാഗത്തിൽ ഉൾപ്പെടുന്ന ഭൂമിയായതിനാൽ ടി കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ പ്രകാരമുള്ള 1496.65 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ വാണിജ്യാവശ്യത്തിന് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാൻ ആ കാലയളവിലെ നിയമപ്രകാരം, സെക്രട്ടറിക്ക് അധികാരമില്ലാത്തതാണ്.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ഡാറ്റാ ബാങ്കിൽ നെൽവയൽ, തണ്ണീർത്തടം എന്നീ വിഭാഗത്തിൽ ഉൾപ്പെട്ട ഭൂമി മാത്രമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. ഡാറ്റാ ബാങ്കിലെ റിമാർക്സ് കോളത്തിൽ **Fallow land** എന്നെഴുതിയതുകൊണ്ട് മാത്രം ആയത് തരിശു ഭൂമിയായി വിജ്ഞാപനം ചെയ്തതായി അനുമാനിക്കാൻ കഴിയില്ലാത്തതാണ്. മുപ്പത് വർഷത്തോളം പഞ്ചായത്ത് വകുപ്പിൽ സേവനമനുഷ്ഠിച്ച് വളരെയധികം അനുഭവസമ്പത്തുള്ള വ്യക്തിയായ ശ്രീ.ഐ.അലി യുടെ ഭാഗത്തുനിന്നും ടി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട വിഷയത്തിൽ വീഴ്ചയുണ്ടായിട്ടുള്ളതായി കാണുന്നുവെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ അപ്പീൽ പരിശോധിച്ചു.

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. ഐ. അലി, ടിയാനെതിരെയുണ്ടായിരുന്ന അച്ചടക്ക നടപടി തീർപ്പാക്കി പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിനെതിരെ സമർപ്പിച്ച പരാമർശം (2) അപ്പീലിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടിക്ക് ആധാരമായ വിഷയം വീണ്ടും പരിശോധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിലും നിലം വിഭാഗത്തിൽപ്പെട്ട ഭൂമിയിൽ വാണിജ്യാവശ്യത്തിനായി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതിൽ സെക്രട്ടറിയായിരുന്ന ശ്രീ.ഐ. അലിയുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുള്ളതായി സ്ഥിരീകരിച്ചിട്ടുള്ളതിനാൽ, KSR Part III ചട്ടം 59(ബി) പ്രകാരം ശ്രീ. അലിക്കെതിരെ ആരംഭിച്ച അച്ചടക്കനടപടിയിൽ ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 800/- രൂപ ആജീവനാന്തം കുറവുചെയ്ത് പ്രസ്തുത അച്ചടക്ക നടപടി തീർപ്പാക്കിയ പരാമർശം (1) ഉത്തരവ് പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല എന്ന് നിരീക്ഷിച്ച് പരാമർശം (2) അപ്പീൽ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ. ഐ. അലി, മുൻ സെക്രട്ടറി (റിട്ട.), വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്, പാലക്കാട്. (*തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, പാലക്കാട്.
4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/39/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by Riju M Das
Date: 10-04-2026 16:27:15
സെക്ഷൻ ഓഫീസർ